**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി)വകുപ്പ്**

<u>പരിപത്രം</u>

നം.ഉപ.സി.3 /6 /19/ഉഭപവ തിരുവനന്തപുരം, തീയതി: 20.03.2019

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന:-
1. 07/02/2018-ലെ ഉപ.സി3/536/17/ഉഭപവ നമ്പർ സർക്കുലർ.
2. 10.08.2018-ലെ ഉപ.സി3/149/18/ഉഭപവ നമ്പർ സർക്കുലർ
3. 18.01.2019-ലെ ഉപ.സി1/200/19/ഉഭപവ നമ്പർ സർക്കുലർ
4. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സർക്കാരിന് സമർപ്പിച്ച 04.01.2019-ലെ നിവേദനം.

സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ ഒരു വർഷം ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന് വിവിധ സർക്കുലറുകളിലൂടെ എല്ലാ വകുപ്പ് തലവൻമാർക്കും/ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പി എസ് സി മുഖേന നികത്തപ്പെടേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി എസ് സിയെ അറിയിക്കുവാനും സൂചന (1) സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. 2019 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി എസ് സിയെ അറിയിക്കുവാൻ സൂചന (2) സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശം നൽകിയിട്ടും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ ചില വകുപ്പ് തലവൻമാരും നിയമനാധികാരികളും വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് 2019 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഇതുവരെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അത് 31.01.2019 ന് മുമ്പായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ വീണ്ടും എല്ലാ വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും സൂചന (3) പരിപത്രത്തിലൂടെയും നിർദ്ദേശം നൽകിയിരുന്നു.

2. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ തിരുവനന്തപുരം ജില്ലാ റാങ്ക് പട്ടിക 22.05.2019-ന് കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റാങ്ക് പട്ടികയിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സൂചന (4) നിവേദനത്തിലൂടെ റാങ്ക് ഹോൾഡേഴ്സ് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

838
1/4/19



P.T

3. റാങ്ക് പട്ടികകളിൽ നിന്നും പരമാവധി നിയമനം നൽകണമെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II റാങ്കപട്ടികയിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ നിലവിലെ ഒഴിവുകൾ, പ്രതീക്ഷിത ഒഴിവുകൾ എന്നിവ അടിയന്തരമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പ് തലവൻമാർക്കും/ നിയമനാധികാരികൾക്കും ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു. വകുപ്പ് തലവൻമാർ / നിയമനാധികാരികൾ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണെന്നും, ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

4. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശന അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്.

**ജി. കമല വർദ്ധന റാവു**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറിക്കും.
സെക്രട്ടറിയേറ്റിലെ നിയമം , ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന പി.എസ്.സി മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെനിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം(ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.